# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **6148**     07.11.2016 ലെ മറുപടിക്ക്

## കൺസ്ട്രക്ഷൻ ഫ്രീസോൺ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ : | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ ചെറുതോണിയിൽ ഡാമിന്റെ ഷട്ടറുകൾ തുറന്നുവിട്ടാൽ ടൗൺ വെള്ളത്തിനടിയിലാകും എന്ന കെ.എസ്.ഇ.ബി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെറുതോണി ടൗണിനെ കൺസ്ട്രക്ഷൻ ഫ്രീസോണായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) പ്രഖ്യാപിച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇപ്രകാരം വാഴത്തോപ്പ് പഞ്ചായത്തിൽ, ചെറുതോണി ടൗണിൽ കൺസ്ട്രക്ഷൻ ഫ്രീസോണിനുള്ളിൽ വരുന്ന പ്രദേശങ്ങളിൽ ഇതുവരെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ചെറുതോണി ടൗണിലെ കൺസ്ട്രക്ഷൻ ഫ്രീ സോണിൽ 62 വ്യക്തികൾ അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) ഇപ്രകാരം ചെറുതോണി ടൗണിൽ നിലനിൽക്കുന്ന നിർമ്മാണ നിരോധനവുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലത്ത് ഏതെല്ലാം തീയതികളിൽ, എത്ര ചർച്ചകൾ നടത്തിയിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പറുകളും ചർച്ചകളുടെ വിശദാംശങ്ങളും എടുത്ത തീരുമാനങ്ങളുടെ പകർപ്പുകളും ലഭ്യമാക്കുമോ? | (സി) ചെറുതോണി ടൗണിൽ നിലനിൽക്കുന്ന നിർമ്മാണ നിരോധനവുമായി ബന്ധപ്പെട്ട് 22.06.2012 ന് ബഹു.മുഖ്യമന്ത്രിയുടെ ചേമ്പറിൽ വച്ച് ചർച്ച നടന്നിട്ടുണ്ട്. ഇതു സംബന്ധിച്ച രേഖകൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ